# മേൽവിലാസം

കേസരി ബാലകൃഷ്ണപിള്ള



മേൽവിലാസം
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Young girl with birch branches in front of a Norwegian fjord, a painting by Hans Dahl (1849–1937). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മേൽവിലാസം



കാരൂർ നീലകണ്ഠപിള്ള

'കാരൂർകഥകൾ' (1-ാം ഭാഗം) എന്ന ചെറുകഥാസമാഹാരത്തിന്റെ പ്രസിദ്ധീകരണം മുഖേന ഇന്നത്തെ ഭാഷാ ചെറുകഥാകാരന്മാരുടെ മുന്നണിയിൽ ഒരു പ്രത്യേക സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ദേഹമാണ് പ്രകൃതഗ്രന്ഥത്തിന്റെ കർത്താവായ ശ്രീ. കാരൂർ നീലകണ്ഠപിള്ള. കോൺസെൻട്രേഷൻ (ഏറ്റവും ചുരുങ്ങിയ സ്ഥലത്ത് ഏറ്റവും അധികം കാര്യങ്ങൾ കൊള്ളിക്കുന്നത്) ഡെപ്ത് (ധ്വന്യാത്മകത്വം), സാമുദായികസ്ഥിതിയുടെ മൂർത്തീകരണങ്ങളും, ഏഴകളുമായ പാത്രങ്ങളുടെ സൃഷ്ടിയിലുള്ള—അഥവാ, പരിതഃസ്ഥിതിക്കു മനുഷ്യജീവിതത്തിന്റെ ഗതിയിലുള്ള പിടി പ്രത്യക്ഷപ്പെടുത്തുന്നതിനുള്ള—അസാമാന്യമായ പാടവം, അചിന്തിതപൂർവ്വവും ദൈനംദിനജീവിതവ്രതവുമായ രംഗങ്ങളുടെ സൃഷ്ടിയിലുള്ള കുശലത, ഏഴജീവിതവുമായി തന്റെ കൃതികൾക്കുള്ള പ്രായേണ അനന്യസദൃശമായ താദാത്മ്യം, എന്നിവയാണ് പരാജയപ്രസ്ഥാനത്തിൽപ്പെട്ട ഈ സാഹിത്യകാരനു പ്രസ്തുത സ്ഥാനം നേടിക്കൊടുത്തിട്ടുള്ളത്. ഏഴകളുടെ ജീവിതം മാത്രം ചിത്രീകരിച്ചിരുന്ന 19-ാം ശതാബ്ദത്തിലെ നോവലെഴുത്തുകാരൻ ജാർജ് ഗിസ്സിങ്ങ് എന്ന ഇംഗ്ലീഷുകാരന്റെ കൃതികളിൽ, സാമുദായികസ്ഥിതിയിലുള്ള തന്റെ താൽപര്യം (സോഷ്യൽ കണ്ടന്റ്) ആണ് പൊന്തിച്ചുനില്ക്കുന്നതെന്നും, വ്യക്തികളിലുള്ള താൽപര്യവും ഇവരെ ചിത്രീകരിക്കുന്നതിനുള്ള ഉദ്യമവും വളരെ കുറച്ചു മാത്രമേ കാണുന്നുള്ളു എന്നും, പ്രണയം വ്യക്തികളുടെ സാമുദായികമായ, അഥവാ, സാമ്പത്തികമായ, നിലയെ സാരമായി ബാധിക്കുമ്പോൾ മാത്രമേ തന്റെ കൃതികളിൽ അതിനു പ്രാധാന്യമുള്ളൂ എന്നും നിരൂപകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രായേണ ഇതുതന്നെയാണ് ഭാഷാചെറുകഥകളുടെ കൂട്ടത്തിൽ "കാരൂർ കഥകൾ"ക്ക് ഒരു പ്രത്യേകസ്ഥാനം നൽകുന്നതും. കാരൂരിന്റെ ഈ കഥാരചനാരീതിക്കു മകുടോദാഹരണങ്ങൾ 'കാരൂർ കഥക'ളിലെ 'ചെകുത്താൻ', 'അരഞ്ഞാണം', 'അന്നത്തെ കൂലി' എന്നിവയും, പ്രസ്തുത സമാഹാരത്തിൽ പെടാത്ത 'പൊതിച്ചോറ്' എന്നതുമാണുതാനും.



ജാർജ് ഗിസ്സിങ്ങ്

'കാരൂർ കഥകളു'ടെ പിന്നിൽ അല്പം അകലെയായി മാത്രം നിൽക്കുന്ന ഒരു ചെറുകഥാസമാഹാരമാണ് പ്രകൃതഗ്രന്ഥം എന്നു സാമാന്യമായി പറയാം. 'ഉതുപ്പാന്റെ കിണർ', 'ആനന്ദമഠം', 'അപഹരണം', 'മേൽവിലാസം', 'ഭൃത്യൻ', 'പശ്ചാത്താപം', 'അവളുടെ വിധി', 'കല്ലുവെട്ടാങ്കുഴി', എന്നീ എട്ടു പരാജയപ്രസ്ഥാനകഥകൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഈ കഥകളിൽ, 'അപഹരണം', 'മേൽവിലാസം' എന്നിവയിൽ റൊമാന്റിക് സാങ്കേതികമാർഗ്ഗവും ശേഷിപ്പുണ്ട്. 'ഉതുപ്പാന്റെ കിണർ', 'മേൽവിലാസം' എന്നീ ശ്രേഷ്ഠകഥകളും, 'ആനന്ദമഠം', 'അപഹരണം', 'കല്ലുവെട്ടാങ്കുഴി' എന്നിവ വെറും സാധാരണ കഥകളും, ശേഷിച്ചവ നല്ല കഥകളുമാണ്.

ക്യാരക്ടർ സൃഷ്ടിയിൽ കാരൂർ പ്രത്യേകമായ ശ്രദ്ധ പതിപ്പിച്ചിട്ടുള്ള ഒരു കഥയാണ് 'ഉതുപ്പാന്റെ കിണർ'. ഇതിൽ അദ്ദേഹം സമ്പൂർണ്ണമായി വിജയിച്ചിട്ടുണ്ട്. ദൈനംദിന ജീവിതത്തിൽ സാധാരണയായിട്ടില്ലെങ്കിലും അപൂർവ്വമായി ചിലപ്പോൾ നമുക്കു കണ്ടുമുട്ടുവാൻ സാധിക്കുന്ന ഒരു മനുഷ്യനാണ് ഇതിലെ നായകനായ ഉതുപ്പാൻ. സൈക്കോളജി കാരൂരിന്റെ കൃതികളിൽ കാണുന്നതല്ല. ഇതിനായി അദ്ദേഹം യത്നിച്ചിട്ടുമില്ല.



പൊൻകുന്നം വർക്കി

കഥയെഴുത്തിൽ കാരൂരിനെ പരാജയത്തിന്റെ വക്കത്തു കൊണ്ടുവന്നിട്ടുള്ള ഒരു കഥയാണ് കറുത്ത ആടുകളായ മഠാധിപതികളെ ആക്ഷേപിച്ചിട്ടുള്ള 'ആനന്ദമഠം'. ഒരു കാര്യത്തിന്റെ മർമ്മം കണ്ടുപിടിക്കുവാനുപകരിക്കുന്ന അതിസൂക്ഷ്മനിരീക്ഷണത്തിന്റേയോ, സ്വയാനുഭവത്തിന്റേയോ, ശ്രേഷ്ഠമായ ഭാവനയുടെയോ ഫലമല്ലായ്കയാലും, ഫലിതവാസനയില്ലാതെ ആക്ഷേപഹാസ്യ (സറ്റയറിക്കൽ) കഥാരചനയ്ക്കു തുനിഞ്ഞതിനാലും ഇതു പ്രായേണ ഒരു കാരിക്കേച്ചറായി (പരാജയപ്പെട്ട ഹാസ്യകഥയായി) കലാശിച്ചിരിക്കുന്നു. മഠാധിപതികളുടെയും പുരോഹിതരുടേയും വർഗ്ഗങ്ങളിലുള്ള കറുത്ത ആടുകളുടെ വിക്രിയകളെ ആസ്പദിച്ചുള്ള ആക്ഷേപഹാസ്യകഥകളിൽ സമ്പൂർണ്ണമായി വിജയിച്ചിട്ടുള്ള ഏക ഭാഷാചെറുകഥാകാരൻ ശ്രീ. പൊൻകുന്നം വർക്കി മാത്രമാണ്. 'നോൺസെൻസ്', 'കുറ്റസമ്മതം' മുതലായ കഥകളിലൂടെയാണ് ശ്രീ. വർക്കി ഈ വിജയം നേടിയിട്ടുള്ളത്. കാര്യത്തിന്റെ മർമ്മം കണ്ടുപിടിക്കുന്നതിനുള്ള കെല്പ്, മിതമായ അതിശയോക്തി, ഫലിതം, സാരള്യം എന്നിവ ഒരു ആക്ഷേപഹാസ്യകഥയുടെ സമ്പൂർണ്ണമായ വിജയത്തിനു കൂടിയേ മതിയാവൂ. ഹ്യൂമർ (സാത്വികഹാസം) ഇതിന് അപരിത്യാജ്യമല്ലതാനും.



നെപ്പോളിയൻ ബോണപ്പാർട്ട്

'ആനന്ദമഠ'ത്തിൽ, മഠാധിപതികൾ (മഹാകവി കെടാമംഗലത്തിന്റെ ശൈലിയിൽ) എട്ടു കൈകൾകൊണ്ടും സമുദായത്തിന്റെ രക്തം ഊറ്റിക്കുടിക്കുന്ന കിനാവള്ളികളാണെന്നുള്ള കാര്യമർമ്മത്തെ പൊന്തിച്ചു കാണിക്കാതെ അവരുടെ നിസ്സാരക്കുറവായ വിഷയാസക്തിയെ പൊന്തിച്ചുകാണിച്ചിരിക്കുന്നു. അവരും മനുഷ്യരായതിനാൽ, അവരുടെ പെൺവേട്ട ഒരു ക്ഷന്തവ്യമായ കുറവാണ്. കയറോവിലെ മുസ്ലീംഷെയിക്കുകളെപ്പറ്റി നെപ്പോളിയൻ ബോണപ്പാർട്ട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്. "മറ്റു പുരോഹിതരെപ്പോലെ ഷെയിക്കുകളും സ്വയം മതഭ്രാന്തരാകാതെ അന്യരിൽ മതഭ്രാന്ത് കുത്തിവയ്ക്കുന്നു". ഇതും കറുത്ത ആടുകളായ പുരോഹിതന്മാരെയും മഠാധിപതികളെയും പറ്റിയുള്ള മർമ്മസ്പൃക്കായ ഒരു ആക്ഷേപമാണ്. ഇതിനെയും കാരൂർ പൊന്തിച്ചു കാണിച്ചിട്ടില്ല. പിന്നെയും അജിതാനന്ദസ്വാമിയെക്കൊണ്ട് ശിഷ്യരെ 'പതിമൂക്കൻ', 'ഒറ്റ മുലച്ചി', 'അളിഞ്ചക്കണ്ണി', 'പട്ടി' എന്നിത്യാദി പേരുകൾ കാരൂർ വിളിപ്പിച്ചിരിക്കുന്നു. 'അടിയൻ' എന്ന ഉപചാരപദത്തോടുകൂടിയാണ് ശിഷ്യർ ഈ വിളികൾ കേൾക്കുന്നതും ഉത്തമമായ ഒരു ആക്ഷേപഹാസ്യകഥയ്ക്കു വേണ്ടതായ മിതമായ അതിശയോക്തിക്കപ്പുറം ഇതിലൂടെ കാരൂർ കടന്നിരിക്കുന്നു. ഫലിതവും കാരൂരിനില്ല.



ഹെന്റിക് പോണ്ടോപ്പിഡൻ

താൻ അപൂർവ്വമായി മാത്രം പ്രയോഗിക്കാറുള്ള റൊമാന്റിക് സാങ്കേതികമാർഗ്ഗത്തിൽ മനസ്സുവെച്ചാൽ തനിക്ക് അതിൽ വിജയം നേടാൻ കഴിയും എന്നു കാരൂർ കാണിച്ചിട്ടുള്ള ശ്രേഷ്ഠമായ ഒരു കഥയാണ് പ്രകൃതഗ്രന്ഥത്തിന് അതിന്റെ തലക്കെട്ട് നൽകിയിട്ടുള്ള 'മേൽവിലാസം'. ഏറിയകൂറും ധ്വനികൊണ്ടാണ് കാരൂരിന് ഇതിൽ സമ്പൂർണ്ണവിജയം സിദ്ധിച്ചിട്ടുള്ളത്. 'മേൽവിലാസം' ഉണ്ടായിട്ടും, കാരൂർ റൊമാന്റിക് സാങ്കേതികമാർഗ്ഗപ്രയോഗത്തിൽ സാധാരണയായി വിജയിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. 'മേൽവിലാസ'ത്തിന്റെ വിജയം അതു സ്വയാനുഭവത്തിൽനിന്നു ജനിച്ചതായതു കൊണ്ടാണുണ്ടായിട്ടുള്ളതെന്ന് വന്നേയ്ക്കാം. ഏതു മനുഷ്യനും തന്റെ ജീവിതത്തിൽ നിന്നു റൊമാന്റിക് സാങ്കേതികമാർഗ്ഗം പ്രയോഗിച്ചിട്ടുള്ള ഒരു കഥയെങ്കിലും എഴുതുവാനുള്ള വക കിട്ടാതിരിക്കുന്നതല്ല. ഈ മാർഗ്ഗം പ്രയോഗിച്ചിട്ടുള്ള കഥകൾ തുടരെ വിജയപൂർവ്വം എഴുതിക്കൊണ്ടിരിക്കണമെങ്കിൽ, അതിയായ ഭാവനയോ, അനേകം റൊമാൻസാന്തകങ്ങളായ സ്വയാനുഭവങ്ങളോ കൂടിയേ മതിയാവൂ. സ്വയാനുഭവങ്ങൾക്ക് കാവ്യത്തിലുള്ള പ്രാധാന്യത്തെപ്പറ്റി സുപ്രസിദ്ധ നാടകകർത്താവായ ഇബ്സൻ പറഞ്ഞിട്ടുള്ളതു നോക്കുക: "ഒരു മനുഷ്യൻ തന്റെ കലാസൃഷ്ടിയിൽ തുടർന്നുകൊണ്ടു പോകണമെങ്കിൽ, ജന്മനാൽ തനിക്കു സിദ്ധിച്ചിട്ടുള്ള പ്രതിഭയ്ക്കു പുറമേയുള്ള മറ്റു ചില കാര്യങ്ങളും കൂടി ഉണ്ടായിരിക്കേണ്ടതാണ്. തീവ്രവികാരാനുഭവങ്ങൾ, സങ്കടങ്ങൾ എന്നിവ അയാളുടെ ജീവിതത്തിൽ നിറഞ്ഞ് അതിനു ഒരു ലാക്കു നിർദ്ദേശിച്ചേ മതിയാവൂ. ഇതില്ലെങ്കിൽ അയാൾക്ക് സൃഷ്ടിക്കുവാനുള്ള ശക്തി കിട്ടാതെ പുസ്തകമെഴുതുവാനുള്ള കെല്പുമാത്രമേ ലഭിക്കുകയുള്ളൂ." കാരൂരിന് റൊമാന്റിക് സാങ്കേതികമാർഗ്ഗപ്രയോഗത്തിൽ സ്ഥായിയായ വിജയം നേടണമെന്നുംകൂടി വിചാരമുണ്ടെങ്കിൽ, അദ്ദേഹത്തിന് പുതിയ റൊമാൻസാന്തകങ്ങളായ അനുഭവങ്ങൾ തേടിപ്പോകേണ്ടതായി വരുമെന്ന് എനിക്കു തോന്നുന്നു.



പിയോ ബരോജ

ഭാഷാചെറുകഥാകാരൻ സാധാരണയായി പ്രത്യേക ശ്രദ്ധപതിപ്പിക്കാറില്ലാത്ത ഗൃഹഭൃത്യജീവിതവർഗ്ഗത്തിൽ 'ഭൃത്യൻ' എന്ന കഥ മുഖേന കാരൂർ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നു. എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർക്ക് തുല്യം നാരകീയജീവിതം നയിച്ചുവരുന്ന ഒരു സാമ്പത്തികവർഗ്ഗമാണ് കേരളത്തിലെ ഗൃഹഭൃത്യവർഗ്ഗം. ഇവരുടെ ജീവിതത്തെ കേരളത്തിലെ അങ്ങുന്നന്മാരും, കൊച്ചമ്മമാരും നാരകീയമാക്കുന്നതിനെ നല്ലപോലെ ചിത്രീകരിക്കുവാൻ കാരൂരിന് ഈ കഥയിൽ സാധിച്ചിട്ടുണ്ട്. ഇവിടത്തെ പോലീസുകാരുടെ മൃഗീയമായ ജീവിതത്തെ ഉജ്ജ്വലമായും സത്യമായും 'പശ്ചാത്താപം' എന്ന കഥയിൽ കാരൂർ ചിത്രീകരിച്ചിരിക്കുന്നു.



റൊമാങ് റൊള്ളാങ്ങ്

കാരൂരിന്റെ പരമമായ വിഷാദാത്മകത്വത്തിന് ഒരു നല്ല ഉദാഹരണമാണ് 'അവളുടെ വിധി' എന്ന കഥ. 'കാരൂർ കഥകളി'ലെ 'ഓണക്കാഴ്ച'യും, പ്രസ്തുത രണ്ടു സമാഹാരങ്ങളിലുംപെടാത്ത 'അതിഥി' എന്ന കഥയും ഈ വിഷാദാത്മകത്വത്തെ 'അവളുടെ വിധി'പോലെ നല്ലവണ്ണം ഉദാഹരിക്കുന്നുണ്ട്. ഈ കഥകൾ വായിക്കുന്നതായാൽ, കുറെ ദിവസങ്ങൾ കഴിഞ്ഞു മാത്രമേ വായനക്കാരന്റെ മനസ്സിന് ഇവ കുത്തിവയ്ക്കുന്ന വിഷാദാത്മകത്വത്തിൽനിന്ന് മോചനം ലഭിക്കുകയുള്ളൂ. ആസന്നമായ ഒരു സാമുദായികവിപ്ലവത്തിന്റെ മുന്നോടിയാണ് ഈ പരമമായ വിഷാദാത്മകത്വമെന്ന് ആധുനികചരിത്രം സ്ഥാപിക്കുന്നുണ്ട്. അതിനാൽ മുതലാളിത്തത്തെ പിന്താങ്ങുന്നതും മുതലാളികളോടുകൂടി നാശമടയുന്നവരുമായിരിക്കും ഈ വിഷാദാത്മകത്വത്തെ ആക്ഷേപിക്കുന്നവർ. ശ്രീ. തകഴിയുടെ കഥകളും ഇത്തരം വിഷാദാത്മകത്വം നമ്മിൽ ജനിപ്പിക്കുന്നതാണ്. ഈ സംഗതിയിൽ കാരൂരിനെയും തകഴിയേയും സുപ്രസിദ്ധ നോവലെഴുത്തുകാരായ പിയോ ബരോജ എന്ന സ്പെയിൻകാരനോടും, ഹെന്റിക് പോണ്ടോപ്പിഡൻ എന്ന ഡെയിനിനോടും സാദൃശ്യപ്പെടുത്താവുന്നതാണ്. 1857-ൽ ജനിച്ച ഡെന്മാർക്കുകാരൻ പോണ്ടിപ്പിഡൻ 1917-ലെ നോബൽസമ്മാനം നേടിയ ഒരു ദേഹമാണ്. റൊമാങ് റൊള്ളാങ്ങിന്റെ "ജാൺക്രിസ്റ്റോഫർ" എന്ന നോവലിന്റെ ആവിർഭാവത്തോടുകൂടി പാശ്ചാത്യസാഹിത്യലോകത്തിൽ പഴയതരം പരാജയസ്ഥാനം ക്ഷയിച്ചുതുടങ്ങിയെന്നുള്ള സാധാരണയായ നിരൂപകമതത്തെ വെല്ലുവിളിക്കുവാനായി ചില സൂക്ഷ്മദൃക്കുകളായ നിരൂപകർ ചൂണ്ടിക്കാണിച്ചിട്ടുള്ള 'പ്രതിജ്ഞചെയ്ത നാട്ട്', 'ഭാഗ്യവാനായ പീറ്റർ', 'മൃതരുടെ രാജ്യം' എന്ന മൂന്നു സുപ്രസിദ്ധ നോവലുകളും, അനവധി ചെറുകഥകളും പോണ്ടോപ്പിഡൻ രചിച്ചിട്ടുണ്ട്. പ്രതിപാദ്യത്തിൽ നിന്നുള്ള പോണ്ടോപ്പിഡന്റെ അകൽച്ച തകഴിക്കാണുള്ളത്. കാരൂരിന് ഈ നിർവ്വികാരനായ സമുദായശാസ്ത്രജ്ഞന്റെ വീക്ഷണകോടിയില്ല. തകഴിയുടെ കഥകളിലെ സോഷ്യൽ കണ്ടന്റിന്റെ കുറവും കാരൂരിന്റെ കഥകളിലെ അതിന്റെ തികവും നിമിത്തം വിഷാദാത്മകത്വസംദായകത്വത്തിൽ കാരൂരിന് തകഴിയെക്കാൾ ശക്തിയേറിയിരിക്കുന്നു. പോണ്ടോപ്പിഡന്റെ കൃതികളിലും സോഷ്യൽ കണ്ടന്റിന്റെ തികവു കാണാമെന്നുംകൂടി പറഞ്ഞുകൊള്ളട്ടെ.

കാരൂരിന്റെ ഭാഷാരീതി പ്രസന്നമാണ്. ചെറുവാചകങ്ങളോടാണ് അദ്ദേഹത്തിനിഷ്ടം. ഇത് ഒരു കുറവാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ഗ്രന്ഥകർത്താ: കാരൂർ നീലകണ്ഠപിള്ള
പ്രസാധകർ: നേഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം
വില 1 ക. 4 ണ. മംഗളോദയം, കുംഭം 1121.

(കാരൂർ നീലകണ്ഠപിള്ളയുടെ ചെറുകഥാസമാഹാരത്തിന് കേസരി ബാലകൃഷ്ണപിള്ള എഴുതിയ നിരൂപണം.)

□

# കേസരി ബാലകൃഷ്ണപിള്ള




പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്ന കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കുടിപ്പള്ളിക്കൂടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ച് വക്കീലായി പ്രാക്റ്റീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

## പത്രപ്രവർത്തനം

1922 മെയ് 14-ന് സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-ന് സമദർശിയുടെ പത്രാധിപത്യം രാജിവെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-ന് പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-ന് ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-ന് തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-ന് കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്യുന്നു.

## സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

## കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

## അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

## കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ ( നാലു വാല്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014